(ബി) ഇതിന്റെ ഫലമായി എത്ര പേർ മരണമടഞ്ഞിട്ടുണ്ട്;

(സി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) വർഗ്ഗീയ സംഘട്ടനങ്ങളിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഏതെല്ലാം വർഗ്ഗീയ സംഘട്ടനങ്ങളിൽ മരണമടഞ്ഞവരുടെ ആശ്രിതർക്കാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത കാലയളവിൽ 107 വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്.

(ബി) വർഗ്ഗീയ സംഘട്ടനങ്ങളിൽ 14 പേർ മരണമടഞ്ഞിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച് 465 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 160 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഇ) 2003 മെയ് 2-ന് മാറാട് നടന്ന വർഗ്ഗീയ സംഭവത്തിൽ മരണമടഞ്ഞ ഒമ്പതുപേരുടെ ആശ്രിതർക്ക് 10,00,000 (പത്ത് ലക്ഷം) രൂപാ വീതം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് നടന്ന ലാത്തിച്ചാർജ്

52 [57] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ലാത്തിച്ചാർജ് നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ഏതെല്ലാം പ്രശ്നങ്ങളുമായി ബന്ധപ്പെട്ടാണെന്ന് വ്യക്തമാക്കുമോ;

(സി) വിദ്യാർത്ഥികളുടെ നേരെ നടന്ന ലാത്തിച്ചാർജ് എത്ര; ഇതിൽ എത്ര പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) പത്രക്കാർക്ക് നേരെയുണ്ടായ ലാത്തിച്ചാർജ് എത്രയെന്നും എത്ര പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട് എന്നും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (31-8-2004 മുതൽ 20-1-2005 വരെ) സംസ്ഥാനത്ത് തൃശൂർ ജില്ലയിൽ ഗുരുവായൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ വച്ച് 30-11-2004-ൽ ഒരു ലാത്തിച്ചാർജ്ജ് നടന്നിട്ടുണ്ട്. (ക്രൈം നമ്പർ. 499/04).

(ബി) ക്രൈം നമ്പർ. 485/04 ഗുരുവായൂർ പോലീസ് സ്റ്റേഷനിലെ പ്രതിയായ ഏലിയാസ് എന്നയാളെ റിലീസ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 40-ഓളം വരുന്ന ആൾക്കാർ ടി പോലീസ് സ്റ്റേഷനിൽ പ്രവേശിക്കുകയും പോലീസുകാർക്ക് നേരെ കല്ലെറിയുകയും ചെയ്തപ്പോൾ അവരെ പിരിച്ചു വിടുവാൻ വേണ്ടിയാണ് ഒരു ലാത്തിച്ചാർജ്ജ് നടത്താൻ ഇടയായത്.

(സി) വിദ്യാർത്ഥികളുടെ നേരെ ഈ കാലയളവിൽ ലാത്തിച്ചാർജ്ജ് ഒന്നും തന്നെ ഉണ്ടായിട്ടില്ല.

(ഡി) പത്രക്കാർക്കുനേരെ ലാത്തിച്ചാർജ്ജ് ഒന്നും തന്നെ ഉണ്ടായിട്ടില്ല.

സംസ്ഥാനത്തെ ഐ.പി.എസ്. ഉദ്യോഗസ്ഥർ

53 [58] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-1997 മുതൽ 2003-2004 വരെയുള്ള ഓരോ വർഷവും സംസ്ഥാനത്ത് എത്ര ഐ.പി.എസ്. ഉദ്യോഗസ്ഥർ ഉണ്ടായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ വർഷവും ഇവരുടെ ശമ്പളം, റ്റി.എ., ഡി.എ., ടെലിഫോൺ ചാർജ്ജ്, മൊബൈൽ ഫോൺ ചാർജ്ജ്, ഡീസൽ എന്നീ ഇനങ്ങളിൽ സംസ്ഥാന സർക്കാരിന് ചെലവ് വന്ന തുക എത്ര വീതമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1996 മുതൽ 2004 വരെ സംസ്ഥാനത്ത് ജോലി ചെയ്ത ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ എണ്ണം താഴെ പറയുന്നു:

| | | |
|---|---|---|
| 1996 | .. | 97 |
| 1997 | .. | 99 |
| 1998 | .. | 99 |
| 1999 | .. | 109 |
| 2000 | .. | 114 |

LIBRARY ARCHIVES Kerala Legislative Assembly